ദേശാഭിമാനി 10.10.2019

ബർ 10 വ്യാഴം

# കണ്ണാണ് സ്നേഹമാണ്

ഇന്ന്
മാനസികാരോഗ്യദിനം
ലോക കാഴ്ചദിനം

**ഗാന്ധിഭവനിലെ 15 വയോജനങ്ങൾക്ക് സൗജന്യമായി തിമിര ശസ്ത്രക്രിയ ചെയ്ത് ഡോ. സഞ്ജയ് രാജു**

ആർ ബി രജികൃഷ്ണ

ശാസ്താംകോട്ട

പ്രായമായോ അല്ലാതെയോ കാഴ്ചയ്ക്കു മങ്ങലേൽക്കുന്നവർക്കു പിന്നെ പലപ്പോഴം ആശങ്കയാണ്. ഇന്നലെവരെ കണ്ട ലോകത്തെ നാളെ കാണില്ലേ എന്ന്.. ഇതാ ഇവിടെയൊരു ഡോക്ടർ അത്തരക്കാർക്ക് വെളിച്ചമാവുകയാണ്. ഭരണിക്കാവ് എംടിഎംഎം ആശുപത്രിയിലെയും കൊല്ലം എൻഎസ് സഹകരണ ആശുപത്രിയിലെയും ഡോക്ടറായ സഞ്ജയ് രാജുവാണ് ഇവർക്ക് വെളിച്ചം വിതറുന്നത്.

പത്തനാപുരം ഗാന്ധിഭവനിലെ 15 വയോജനങ്ങൾക്ക് ഡോ. സഞ്ജയ് രാജു സൗജന്യമായി തിമിര ശസ്ത്രക്രിയ നടത്തിയത് കാഴ്ചശക്തിയുടെ വിലയറിയുന്നതിനാലാണ്. ആരും തുണയില്ലാത്ത അവരുടെ കാഴ്ച കൂടി നഷ്ടപ്പെടരുത് എന്ന ആഗ്രഹമാണ് ഇതിന് പ്രേരിപ്പിച്ചതെന്ന് ഡോ. സഞ്ജയ് പറഞ്ഞു. ആശുപത്രിയിൽ ഒരാഴ്ച 500 മുതൽ 700 വരെ നേത്രരോഗികളാണ് ഡോക്ടറുടെ സേവനം തേടി എത്താറുള്ളത്. ഇതുവരെ 75000 ശസ്ത്രക്രിയ നടത്തിയതായി അദ്ദേഹം പറഞ്ഞു. ഇതിൽ ഏറെയും സൗജന്യമായാണ് ചെയ്യുന്നത്. സാമൂഹ്യരംഗത്തും സജീവമാണ് ചഡോക്ടർ. പ്രളയബാധിതരായ നിരവധി പേർക്ക് വീട്ടുപകരണങ്ങൾ വാങ്ങി നൽകി. നിർധന വിദ്യാർഥികൾക്ക് പഠന സഹായവും നൽകുന്നു. വിദേശത്ത് ഉയർന്ന ശമ്പളത്തിൽ ജോലി ലഭിച്ചിട്ടും നാടിനുവേണ്ടി അത് ഉപേക്ഷിക്കുകയായിരുന്നു. എല്ലാത്തിനും പിന്തുണയുമായി ദന്ത ഡോക്ടർ കൂടിയായ ഭാര്യ ഇന്ദു ഒപ്പമുണ്ട്. പ്ലസ്ടു വിദ്യാർഥിയായ ജൊഹാനും ഒന്നാം ക്ലാസ് വിദ്യാർഥിയായ ഹന്നായും മക്കളാണ്.



ഡോ. സഞ്ജയ് രാജു ഗാന്ധിഭവനിൽനിന്ന് തിമിര ശസ്ത്രക്രിയക്ക് എത്തിയവർക്കൊപ്പം